**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3229** **11-03-2025 - ൽ മറുപടിയ്ക്ക്**

**മറയൂർ ഗവ. എൽ.പി. സ്കൂളിലെ അധിക തസ്തികയും ഡിവിഷൻ നിർണ്ണയവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മറയൂർ ഗവ. എൽ.പി. സ്കൂളിലെ 2024-25 വർഷത്തെ അധിക തസ്തികയും ഡിവിഷൻ നിർണ്ണയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപ്പീലിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | **ഇടുക്കി ജില്ലയിലെ മറയൂർ ഗവ. എൽ.പി. സ്കൂളിലെ 2024-25 വർഷത്തെ അധിക തസ്തികയും ഡിവിഷൻ നിർണ്ണയവുമായി ബന്ധപ്പെട്ട് പ്രധാനാധ്യാപിക 21.10.2024 -ന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക റിവ്യൂ അപേക്ഷ സമർപ്പിച്ചിരുന്നു. ടി സ്കൂളിന്റെ പുതിയ കെട്ടിടത്തിന് 20/05/2024 ന തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ അധിക തസ്തിക പ്രൊപ്പോസൽ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി മൂന്നാർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം ടി സ്കൂളിലെ എൽ പി എസ് ടി ( മലയാളം ) 5 അധിക തസ്തികകളുള്ള മാന്വൽ പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.** |

സെക്ഷൻ ഓഫീസർ